(എഫ്) മുക്കുന്നിമലയിൽ അനധികൃതമായി നടത്തുന്ന ക്വാറികളുടെ പ്രവർത്തനം നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് ജില്ലാ കളക്ടർ സ്റ്റോപ്പ് മെമ്മോ നല്കിയിട്ടും ടി ക്വാറികൾ നിർബാധം പ്രവർത്തിക്കുന്നു എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ ടി ക്വാറികളുടെ പ്രവർത്തനം നിർത്തുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ - ജി) വിവരം ശേഖരിച്ചുവരുന്നു.

ക്വാറികളുടെ പ്രവർത്തനം

178 (7145) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ക്വാറികളാണ് പ്രവർത്തിക്കുന്നതെന്നും ഓരോ ക്വാറിക്കും ഖനനത്തിന് അനുമതി നൽകിയ ഭൂമിയുടെ വിസ്തൃതി, സർവ്വേനമ്പർ, ഏത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഉൾപ്പെടുന്നു എന്ന വിവരം വ്യക്തമാക്കുമോ ;

(ബി) ഭൂപരിഷ്ക്കരണ നിയമത്തിൽ അനുശാസിക്കുന്നതിൽ കൂടുതൽ ഭൂമി കൈവശം വച്ചിരിക്കുന്ന ക്വാറി ഉടമകളുടെ കൈയിൽനിന്ന് കൂടുതലായുള്ള ഭൂമി കണ്ടെത്തി ഭൂബാങ്കിൽ വകകൊള്ളിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) റവന്യൂ ഭൂമി ക്വാറി നടത്തിപ്പുകാർ ആരെങ്കിലും കൈയ്യേറിയിട്ടുണ്ടെങ്കിൽ സ്വകാര്യ ഭൂമി, റവന്യൂഭൂമി ഇവ അളന്ന് തിട്ടപ്പെടുത്തി സർക്കാർ ഭൂമി തിരികെ പിടിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ; ഈ വിഷയത്തിൽ നാളിതുവരെ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

കാസർഗോഡ് ഇ-മണൽ സംവിധാനം

177 (7146) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കുറഞ്ഞചെലവിൽ ആവശ്യക്കാർക്ക് മണൽ ലഭ്യമാക്കുന്നതിന് ഇ-മണൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സംവിധാനത്തിലൂടെ മണൽ കിട്ടാതെ സാധാരണക്കാർ ബുദ്ധിമുട്ടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മണൽ മാഫിയകളുടെ ചൂഷണത്തിൽനിന്ന് സാധാരണക്കാരെ രക്ഷിക്കുന്നതിന് നല്ലരീതിയിൽ തുടങ്ങിയ ഇ-മണൽ സംവിധാനം പരാജയപ്പെടാതെപോയ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ ;

(ഡി) ഇ-മണൽ സംവിധാനത്തിൽ ജില്ലയുടെ എല്ലാ മേഖലകളിൽ നിന്നും കിട്ടുന്ന മണലുകളെല്ലാം ഇതിന്റെ കീഴിലാക്കി സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ മണൽ ലഭ്യമാക്കുന്നതിനായി ഈ സംവിധാനം കാര്യക്ഷമമാക്കുന്ന നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) മണൽ ലഭ്യതയിലുണ്ടായ കുറവും പരിസ്ഥിതി ക്ലിയറൻസ് കിട്ടാനുണ്ടായ കാലതാമസവുമാണ്.

(ഡി) തുറമുഖ വകുപ്പിന് കീഴിലുള്ള പോർട്ട് മണൽ ഇ-മണൽ സംവിധാനത്തിൽ കൊണ്ടുവരുന്ന വിഷയം പരിശോധിച്ചുവരുന്നു.

കാഞ്ഞങ്ങാട് തീരപ്രദേശത്ത് നിയമവിരുദ്ധമായ കരമണൽ ഖനനം

178 (7147) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാടിന്റെ തീരപ്രദേശമായ കൊളവയൽ, അജാനൂർ കടപ്പുറം, ഇട്ടമ്മൽ, കാറ്റാടി എന്നീ സ്ഥലങ്ങളിൽനിന്ന് നിയമവിരുദ്ധമായി കരമണൽ ഖനനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) രാത്രികാലങ്ങളിൽ നടക്കുന്ന അനധികൃത മണൽക്കൊള്ള നിയന്ത്രിക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുക എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയുടെ ചില ഭാഗങ്ങളിൽ അനധികൃതമായി കരമണൽ ഖനനം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്വീകരിച്ചുവരുന്നു.

(സി) അനധികൃത മണൽ കടത്ത് തടയുന്നതിന് ജില്ലാ തലത്തിലും താലൂക്ക് തലത്തിലും സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ റവന്യൂ/പോലീസ് അധികൃതർ മണലും വാഹനവും കസ്റ്റഡിയിലെടുത്ത് സബ് കളക്ടർക്ക് റിപ്പോർട്ട് നൽകുന്നു. കക്ഷികളെ നേരിൽ വിചാരണ നടത്തി എം.എം.ഡി.ആർ. ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly